

ഫോട്ടോ: ബാബു കാമ്പ്രത്ത്

# വിറവാലൻ

## നമുക്കു ചുറ്റും – 7

**വി.സി. ബാലകൃഷ്ണൻ**

**പി**ൻചിറകുകളിൽ അല്പം നീണ്ട 'വാലുള്ള' ശലഭങ്ങൾ ഉൾപ്പെടുന്ന കിളിവാലൻ ശലഭങ്ങളുടെ കുടുംബത്തിലെ ഒരംഗമാണ് വിറവാലൻ. സദാസമയവും ചിറകുകൾ വിറപ്പിച്ചുകൊണ്ട് ധൃതിയിൽ പറന്നുനടക്കുന്ന വിറവാലനെ നാട്ടിൻപുറത്തെന്ന പോലെ നഗരങ്ങളിലും കാണാം.

തേൻകുടിക്കുമ്പോഴും അന്തരീക്ഷത്തിൽ തുരുതുരെ ചിറകടിച്ച് നിൽക്കാറുള്ള ഇവ അതിരാവിലെ വെയിൽകായാനായി ഇലയുടെ ഉപരിതലത്തിൽ ചിറകുകൾ വിടർത്തി ഇരിക്കാറുണ്ട്.

കറുപ്പുചാരായ കലർന്ന ഇരുണ്ട തവിട്ടുനിറത്തിലുള്ള ചിറകുകളിൽ തിളങ്ങുന്ന ഇളം പച്ചനിറത്തിൽ പൊട്ടുകളും വരകളുമുണ്ട്. ചിറകിന്റെ അടിഭാഗം മങ്ങിയ തവിട്ടുനിറവും ഇളം പച്ചയും നിറങ്ങളിലുള്ള പശ്ചാത്തലത്തിൽ കറുപ്പിലും ചുവപ്പിലുമുള്ള ചില പൊട്ടുകളും കാണാം.

അരണമരം, സീതപ്പഴം, ചെമ്പകം എന്നീ മരങ്ങളുടെ തളിരിലകളിലാണ് വിറവാലൻ മുട്ടയിടുന്നത്. മഞ്ഞനിറത്തിൽ ഗോളാകൃതിയിലുള്ള മുട്ടകൾ വിരിഞ്ഞിറങ്ങുന്ന പുഴുക്കൾക്ക് ആദ്യഘട്ടത്തിൽ ഇരുണ്ടനിറമാണ്. തലയുടെ ഭാഗം അസാധാരണമാംവിധം വണ്ണമുള്ള ലാർവകൾക്ക് ഏട്ട മത്സ്യങ്ങളുടെ ആകൃതിയാണ്. ശത്രു സാന്നിധ്യമുണ്ടായാൽ തലയുടെ മുൻഭാഗത്തുനിന്ന് പെട്ടെന്ന് പുറത്തേക്ക് നീട്ടാവുന്ന ഇളം പച്ചനിറത്തിലുള്ള രണ്ടു 'കൊമ്പു'കളുമുണ്ട്. ഈ കൊമ്പുകളോടൊപ്പം പുറത്തേക്ക് വമിക്കുന്ന ദുർഗന്ധം ഇരപിടിയന്മാരെ അകറ്റിനിർത്തുന്നു. ശരീരത്തിന്റെ മുൻഭാഗത്ത് ചില നേരിയ മുള്ളുകളും കാണാം. ആദ്യഘട്ടത്തിൽ ഇരുണ്ടനിറത്തിൽ കാണപ്പെടുന്ന ലാർവകൾ രണ്ടോ മൂന്നോ ദിവസം കഴിഞ്ഞാൽ ഇളംപച്ചനിറമായി മാറുന്നു.

വിറവാലന്റെ ശലഭപ്പുഴുക്കൾ എട്ടോ പത്തോ ദിവസംകൊണ്ട് പ്യൂപ്പയായി മാറുന്നു. പ്യൂപ്പ ശലഭമായി മാറുന്നതിനു അത്രയും ദിവസങ്ങൾ തന്നെ വേണം. രാവിലെ, സൂര്യോദയ സമയത്തുതന്നെ പ്യൂപ്പത്തോടു പൊട്ടിച്ചു പുറത്തിറങ്ങുന്ന ശലഭങ്ങൾ സാവധാനം ചിറകുകളാറ്റി പറന്നകലുകയായി